I ഇ.ബി. XIII-കേരള നിയമസഭ/XIII-3

# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 മാർച്ച് 10, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ചരമോപചാരം**

**കെ.പി. മമ്മുമാസ്റ്ററുടെ നിര്യാണം**

മുൻ കേരള നിയമസഭാംഗമായിരുന്ന കെ.പി. മമ്മുമാസ്റ്ററുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പ സമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## ചെയർമാൻമാരുടെ പാനൽ

ശ്രീ. പാലോട് രവി, ഡോ. എൻ. ജയരാജ്, ശ്രീമതി കെ. എസ്. സലീഖ എന്നീ അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## അറിയിപ്പ്

### ശ്രീ. ജെയിംസ് മാത്യു എം.എൽ.എ.യ്ക്ക് ജാമ്യം

ശ്രീ. ജെയിംസ് മാത്യു എം.എൽ.എ.യെ 06..03..2015-ലെ ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് ജാമ്യത്തിൽ വിട്ടയച്ചതായി തളിപ്പറമ്പ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് അറിയിച്ച വിവരം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ സഭയെ അറിയിച്ചു.

## അടിയന്തരപ്രമേയം

### ബാർ കോഴ

മി. ഡെപ്യൂട്ടി സ്പീക്കർ: ബാർ ഉടമകളിൽ നിന്നും കോഴ വാങ്ങിയ കേസിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ പ്രകാരം കുറ്റപത്രം ഉടൻ കോടതിയിൽ സമർപ്പിക്കുമെന്ന് വിജിലൻസ് ഡയറക്ടർ പ്രസ്താവിച്ചിരിക്കെ കേസിൽ നിന്നും പിന്മാറാൻ ബാർ

ഹോട്ടൽ ഓണേഴ്സ് അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റിന് മന്ത്രിബന്ധു രൂപ വാഗ്ദാനം ചെയ്തിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. എസ്. ശർമ്മ, വി.എസ്. സുനിൽ കുമാർ, മാത്യൂ റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിജിലൻസ് ഡയറക്ടർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റീ കറപ്ക്ഷൻ ബ്യൂറോ ദക്ഷിണ മേഖല പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ നിലവിലുള്ള നിയമ വ്യവസ്ഥകൾക്കും സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കുമനുസൃതമായി അന്വേഷണം നടത്തുകയും അന്വേഷണപുരോഗതി ബഹുമാനപ്പെട്ട ഹൈക്കോടതി പരിശോധിച്ചിട്ടുള്ളതുമാണ്. വിജിലൻസ് ആന്റ് ആന്റീ കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും, കൂടാതെ വിജിലൻസ് ആന്റ് ആന്റീ കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് 1 -ലെ

തെരഞ്ഞെടുക്കപ്പെട്ട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരെയും സർക്കിൾ ഇൻസ്പെക്ടർമാരെയും ഉൾപ്പെടുത്തി ഒരു പ്രത്യേക സംഘം രൂപീകരിച്ച് ഊർജ്ജിതവും നീതിപൂർവ്വവും നിഷ്പക്ഷവും സ്വതന്ത്രവും തൃപ്തികരവുമായ രീതിയിലുള്ള അന്വേഷണം നടന്നുവരുകയുമാണ്. കേസന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് വിജിലൻസ് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

<u>ശ്രീ. എസ്. ശർമ്മ</u>: ഒരന്വേഷണത്തിന്റെ സാരാംശം മാത്രമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിവരിച്ചിരിക്കുന്നത്. എഫ്.ഐ.ആർ-ൽ പ്രതിസ്ഥാനത്തുള്ള ശ്രീ.കെ.എം.മാണി മന്ത്രിസ്ഥാനത്ത് തുടർന്നാൽ കേസ് അട്ടിമറിക്കപ്പെടുന്ന സാഹചര്യമുണ്ടാകും. ബാർ ഹോട്ടൽ ഉടമകളോട് അഞ്ച് കോടി രൂപ കോഴപ്പണം ആവശ്യപ്പെട്ടതായും ഒരു കോടി രൂപ നേരിട്ട് കൈപ്പറ്റിയതായും വിജിലൻസ് ആന്റ് ആന്റീ കറപ്ഷൻ ബ്യൂറോയുടെ പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തടവുശിക്ഷ ലഭിക്കുന്ന കുറ്റങ്ങൾ ചുമത്തിയാണ് വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് എഫ്.ഐ.ആർ. ഫയൽ ചെയ്തിരിക്കുന്നത്. കൈക്കൂലി നേരിട്ട് ആവശ്യപ്പെടുകയും കൈപ്പറ്റുകയും ചെയ്തതായി തെളിഞ്ഞതിന്റെ

അടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾപ്രകാരം കേസ് അന്വേഷണം നടത്തിവരുന്നതായി വിജിലൻസ് പോലീസ് കോടതിയിൽ റിപ്പോർട്ട് നൽകിയിരിക്കുന്നു. ഓറൽ എവിഡൻസും ഡോക്യുമെന്ററി എവിഡൻസും സർക്കംസ്റ്റാൻസസ് എവിഡൻസും ഒരുപോലെ ബന്ധപ്പെട്ടുവരുന്ന ഇത്തരമൊരു കേസിൽ പ്രതിസ്ഥാനത്തു നിൽക്കുന്ന ശ്രീ. കെ. എം. മാണിക്ക് മന്ത്രിസ്ഥാനത്ത് തുടരാൻ അർഹതയില്ല. പ്രാഥമിക റിപ്പോർട്ട് പുറത്തുവന്നതിന്റെ തൊട്ടടുത്ത ദിവസംതന്നെ ഈ കേസിന്റെ അന്വേഷണച്ചുമതല വഹിച്ചിരുന്ന വിജിലൻസ് എസ്.പി. യെ ആ സ്ഥാനത്തുനിന്നും മാറ്റി. ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിയുടെ വസതി സന്ദർശിച്ചതുമായി ബന്ധപ്പെട്ട ദുരൂഹതയ്ക്ക് ദൂരീകരണമുണ്ടാക്കുവാനോ മന്ത്രി തന്റെ വീട്ടിൽ സൂക്ഷിച്ചിരിക്കുന്ന നോട്ടെണ്ണൽ യന്ത്രമായ തൊണ്ടിമുതൽ കണ്ടെത്തുന്നതിനോ ഇതുവരെ സാധിച്ചിട്ടില്ല. ശ്രീ. കെ.എം. മാണിക്കെതിരായ തെളിവുകളടങ്ങിയ സി.ഡി. കൈവശമുണ്ടെന്ന് അവകാശപ്പെട്ട ശ്രീ. ബിജു രമേശിനെ ഇതുവരെ തെളിവെടുപ്പിനായി വിളിച്ചിട്ടില്ല. ബാറുടമകൾ മൊഴിമാറ്റിപ്പറഞ്ഞിട്ടുണ്ടെങ്കിൽ അവരെ ശാസ്ത്രീയമായ പരിശോധനയ്ക്ക് വിധേയമാക്കണം. മന്ത്രി തൽസ്ഥാനത്ത് തുടർന്നാൽ കേസന്വേഷണത്തെ

സ്വാധീനിക്കും. ഈ കേസ് അട്ടിമറിക്കാനുള്ള ശ്രമമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഈ കേസന്വേഷണം തികച്ചും നീതിപൂർവ്വവും നിഷ്പക്ഷവുമായിട്ടാണ് മുന്നോട്ടുപോകുന്നത്. ശ്രീ. വി.എസ്. സുനിൽ കുമാറും ശ്രീ. കെ. രാജുവും ഈ കേസന്വേഷണം ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ വേണമെന്നാവശ്യപ്പെട്ടുവെങ്കിലും നിലവിൽ കേസന്വേഷണത്തിൽ അപാകതകളില്ലാത്തതിനാൽ കോടതി അത് അംഗീകരിക്കുകയുണ്ടായില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ ക്വിക്ക് വെരിഫിക്കേഷൻ ഓർഡറിട്ടപ്പോൾ അന്വേഷണത്തിനായി നിയോഗിച്ചത് എസ്.പി. രാജ്മോഹനനെയാണ്. അദ്ദേഹത്തെ സ്ഥലം മാറ്റിയിട്ടില്ല. കേസന്വേഷണം ഫലപ്രദമാക്കുന്നതിനുവേണ്ടിയാണ് സ്റ്റേറ്റ് വൈഡ് ജൂറിസ്ഡിക്ഷനുള്ള എസ്.ഐ.യു.-1-നെ പ്രസ്തുത ജോലി ഏൽപ്പിച്ചത്. ഈ കേസ് സംബന്ധിച്ച് വിശദമായ അന്വേഷണം നടക്കുകയാണ്. സംസ്ഥാനത്തെ ഉന്നതനീതിപീഠവും ലോകായുക്തയും വിജിലൻസ് കോടതികളും ആ

അന്വേഷണത്തെ സംബന്ധിച്ച് യാതൊരു പരാതിയും പറഞ്ഞിട്ടില്ല. നിഷ്പക്ഷമായ അന്വേഷണം നടക്കുമ്പോൾ ആവശ്യമില്ലാത്ത പ്രചരണങ്ങൾ നടത്തുന്നത് ശരിയല്ല. ജൂഡീഷ്യൽ സ്ക്രൂട്ടിനിയുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് പ്രവർത്തിക്കുന്നത്. ക്രെഡിബിലിറ്റിയുള്ള അന്വേഷണമാണ് നടക്കുന്നത്. ഇത്രയും നിഷ്പക്ഷവും നീതിപൂർവ്വവുമായ ഒരു അന്വേഷണം കേരളത്തിന്റെ ചരിത്രത്തിൽത്തന്നെ ഇതുവരെ നടന്നിട്ടില്ല. ഇതിന്റെ കുറ്റപത്രം സമർപ്പിച്ചുവെന്നുള്ള വാദം ശരിയല്ല. ഈ കേസ് അട്ടിമറിക്കാൻ ഗവൺമെന്റ് ഒരുതരത്തിലും ശ്രമിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് പരസ്പരവിരുദ്ധമായ കാര്യങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

## വ്യക്തിപരമായ വിശദീകരണം

### <u>ശ്രീ. ജെയിംസ് മാത്യു എം.എൽ.എ-യുടെ ജയിൽ ശിക്ഷ</u>

<u>ശ്രീ. ജെയിംസ് മാത്യു</u>: എന്റെ പേരിൽ ശ്രീകണ്ഠാപുരം സർക്കിൾ ഇൻസ്പെക്ടർ രേഖപ്പെടുത്തിയ എഫ്.ഐ.ആർ.-ന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ ആന്റിസിപ്പേറ്ററി ബെയിലിന് സമീപിച്ചപ്പോൾ കസ്റ്റോഡിയൽ ഇന്ററോഗേഷനാകാമെന്നാണ് ആന്റിസിപ്പേറ്ററി ബെയിൽ

നിഷേധിച്ചുകൊണ്ട് കോടതി പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ സ്റ്റേഷനിൽ ഹാജരായപ്പോൾ എന്നെ ആറുമണിക്കൂർ ചോദ്യം ചെയ്തു. അതിനുശേഷം മജിസ്ട്രേറ്റിന്റെ മുന്നിൽ ഹാജരാക്കി റിമാന്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടു. അതിനുശേഷം ഒരു മിനിട്ടുപോലും എന്നെ ചോദ്യം ചെയ്യണമെന്ന് ആവശ്യപ്പെട്ടില്ല. എന്ത് ന്യായത്തിന്റെ പേരിലാണ് ഒരാഴ്ചക്കാലം എന്നെ ജയിലിൽ അടച്ചത്. ഒരു എം.എൽ.എ.-ക്ക് അനുവദനീയമായ ഒരു ആനുകൂല്യവും കിട്ടാതെ സാധാരണതടവുകാരനായി കഴിയാനുള്ള മനസ് എനിക്കുണ്ട്.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

## (1) തീരദേശവാസികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. ടി. എൻ. പ്രതാപൻ: പരമ്പരാഗത മത്സ്യബന്ധനത്തെ തിരസ്ക്കരിക്കുന്ന രീതിയിലുള്ള ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിനെതിരെ സംസ്ഥാന ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കണം. വിദേശ കപ്പലുകളുൾപ്പെടെയുള്ള വൻകിട വെസലുകൾക്ക് മത്സ്യബന്ധനത്തിനുള്ള ദൂരപരിധി 12 നോട്ടിക്കൽ മൈലായി ചുരുക്കി കേന്ദ്രഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവ് പിൻവലിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. മത്സ്യബന്ധനത്തിനായി പ്രത്യേക മണ്ണെണ്ണ ക്വാട്ട അനുവദിക്കാൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടണം. കടൽക്ഷോഭത്തെ പ്രകൃതി ദുരന്തത്തിൽ ഉൾപ്പെടുത്താൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താനും കടൽക്ഷോഭംമൂലമുള്ള നാശനഷ്ടങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഇടക്കാലാശ്വാസം നൽകുന്നതിനും നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന ഡോ. സെയ്ത് റാവു കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയാനും 40 വർഷത്തോളം കടലോര- കായലോര മേഖലയിൽ വീട് നിർമ്മിച്ച് താമസിക്കുന്നവർക്ക് കൈവശരേഖ നൽകുന്നതിനും CRZ-നിയമത്തിൽ ഇളവ്

ലഭിക്കുന്നതിനനുസരിച്ച് പട്ടയം കൊടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. തീരദേശമേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി തീരദേശ മേഖലയിലെ എം.എൽ.എ.-മാരെ ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ഉന്നതതല യോഗം വിളിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നതാണ്. ആഴക്കടൽ മത്സ്യബന്ധനം സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവ് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഗുരുതരമായി ബാധിക്കുമെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. തീരദേശ നിയന്ത്രണ വിജ്ഞാപനത്തെ (CRZ) ക്കുറിച്ച് പഠിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സംസ്ഥാന ഗവൺമെന്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റി കേരളത്തിൽ തെളിവെടുപ്പുനടത്തുകയും അനുകൂലമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുമെന്നാണ് മനസ്സിലാക്കുന്നത്. ഡോ. സെയ്ത്ത് റാവു കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയണമെന്ന ആവശ്യം ഉന്നയിക്കുന്നതാണ്. മത്സ്യബന്ധന മേഖലയ്ക്ക്

പ്രത്യേകമായി മണ്ണെണ്ണ ക്വാട്ട ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തും. കടൽക്ഷോഭത്തെ പ്രകൃതിദുരന്തത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതാണ്. തീരദേശ മേഖലയിലെ എം.എൽ.എ.-മാരുടെ യോഗം വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

## (2) കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. കെ. ഗുരുദാസൻ: 1984-86 കാലയളവിൽ കാപ്പെക്സ് ഏറ്റെടുത്ത 10 ഫാക്ടറികൾ ഉടമകൾക്ക് വിട്ടുകൊടുക്കണമെന്ന വിധി ഗൗരവമായി കാണേണ്ടതാണ്. ഫാക്ടറി ഉടമകളിൽ ഒരാൾ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത കേസ്സിന്മേൽ ഗവൺമെന്റിനും തൊഴിലാളികൾക്കും പ്രതികൂലമായ വിധിയാണുണ്ടായത്. ഇക്കാര്യത്തിൽ ഗവൺമെന്റ് റിവ്യൂ പെറ്റീഷൻ കൊടുക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ കേസ്സിൽ തൊഴിലാളികളേയും തൊഴിലാളി സംഘടനകളേയും കാപ്പെക്സിനേയും കക്ഷി ചേർക്കുന്നതിനും കോർപ്പറേഷൻ ഫാക്ടറികൾ സംരക്ഷിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക

നൽകുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കേസ് നടത്തിപ്പിൽ സംഭവിച്ച തകരാറുകൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഗവൺമെന്റ് റിവ്യൂ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കോമ്പൻസേഷൻ വാങ്ങിപ്പോയവർക്ക് ഫാക്ടറി വിട്ടുകൊടുക്കണമെന്ന വിധി റിവ്യൂ ചെയ്തില്ലെങ്കിൽ നിയമനിർമ്മാണം നടത്തേണ്ടിവരും. ഈ വിഷയം മന്ത്രിസഭാ മുമ്പാകെ അവതരിപ്പിക്കുകയും നിയമോപദേശം തേടുകയും ചെയ്തിട്ടുണ്ട്. വെൽഫയർ ആക്റ്റിവിറ്റി എന്ന നിലയിൽ ലാഭനഷ്ടം നോക്കാതെയാണ് ഫണ്ട് നൽകിയിരുന്നത്. പരിശോധനകൾ നടത്തിയതിൽ ഇത്തരത്തിൽ ഫണ്ട് നൽകാൻ കഴിയില്ലെന്ന നിലപാടാണ് ധനകാര്യ വകുപ്പും ലാഭനഷ്ടം മാത്രം നോക്കി പ്രവർത്തിപ്പിക്കാൻ കഴിയില്ലെന്ന നിലപാടാണ് വ്യവസായ വകുപ്പും സ്വീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് അന്തിമ തീരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. റിവ്യൂ പെറ്റീഷൻ പരിഗണനയ്ക്ക് വരുന്നതിനുമുമ്പ് തൊഴിലാളി യൂണിയൻ നേതാക്കളുടെ യോഗം വിളിച്ച്, അഡ്വക്കേറ്റിനെ നിയമിക്കുന്നതിനെക്കുറിച്ചും കേസ്സിൽ കക്ഷി ചേരുന്നതിനെക്കുറിച്ചും ചർച്ച ചെയ്യുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഡ്ജറ്റ് തുക എത്രയും വേഗം റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കും.

**സബ്മിഷൻ**

## (1) ടെക്സ്റ്റൈൽ ഷോറൂമുകളിലെ സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ

( ഇതേ വിഷയം സംബന്ധിച്ച് ശ്രീ. വി.റ്റി. ബൽറാം, എം.എൽ.എ. യും നോട്ടീസ് നൽകിയിട്ടുണ്ട്.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കേരളത്തിലെ വൻകിട ടെക്സ്റ്റൈൽ ഷോറൂമുകളിലും ജ്യൂവലറികളിലും ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് ന്യായമായ വേതനവും വിശ്രമിക്കാനുള്ള സൗകര്യവും അനുവദിച്ച് നൽകുന്നതിനും ഇത്തരം മനുഷ്യാവകാശ ലംഘനത്തിനെതിരെ തൃശ്ശൂരിലെ ഒരു സ്ഥാപനത്തിലെ സ്ത്രീ തൊഴിലാളികൾ നടത്തുന്ന ഇരിപ്പുസമരം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): 1961-ലെ ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള പിഴയും ശിക്ഷയും നിലനിൽക്കുന്നതിനാൽ തൊഴിൽമേഖലയിലെ അവകാശ ലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ കഴിയാത്ത

സാഹചര്യത്തിൽ പിഴ ക്രമാതീതമായി വർദ്ധിപ്പിക്കുകയും ജയിൽശിക്ഷ വ്യവസ്ഥ ചെയ്യുകയും ചെയ്യുന്ന രീതിയിലുള്ള പുതിയ നിയമത്തിന്റെ റൂൾസ് ഫ്രെയിം ചെയ്തിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ അപ്രൂവൽ കിട്ടി നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇക്കാര്യത്തിൽ ശക്തമായ ഇടപെടൽ നടത്താൻ സാധിക്കുന്നതാണ്. തൃശ്ശൂരിലെ ഒരു സ്ഥാപനത്തിലെ തൊഴിലാളികൾ നടത്തുന്ന ഇരിപ്പ സമരം അവസാനിപ്പിക്കുന്നതിനുള്ള ചർച്ചകൾ പരാജയപ്പെട്ട സാഹചര്യത്തിൽ ലേബർ കോർട്ടിന്റെ അഡ്ജൂഡിക്കേഷനുവേണ്ടി വിടാനുള്ള നടപടി സ്വീകരിക്കുന്നതാണ്. പുതിയ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി ഈ മേഖലയിലെ ചൂഷണം ഒരു പരിധിവരെ അവസാനിപ്പിക്കാനാകും. നിലവിലുള്ള അധികാരമുപയോഗിച്ച് സർക്കാരിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.

## (2) <u>കേന്ദ്രനിയമത്തിലെ അപാകത പരിഹരിക്കൽ</u>

<u>ശ്രീ. മോൻസ് ജോസഫ്</u>: പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള കേന്ദ്രനിയമത്തിലെ അപാകത പരിഹരിക്കുന്നതിനും റവന്യൂ-കൃഷി വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് കർഷകർക്ക് നിശ്ചിത നിരക്കിലുള്ള നഷ്ടപരിഹാരം

വിതരണം ചെയ്യാനാവശ്യമായ അഡീഷണൽ ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചവർക്ക് നൽകുന്ന നഷ്ടപരിഹാരം നാമമാത്രമായതിനാൽ ദുരന്ത പ്രതികരണ നിധിയിൽ നിന്ന് നൽകുന്ന തുക അടിയന്തരാശ്വാസ ധനസഹായമാണെന്ന കേന്ദ്രസർക്കാരിന്റെ നിലപാടിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധി, ദുരിതാശ്വാസ നിധി എന്നിവയിൽ നിന്ന് നഷ്ടപരിഹാരം നൽകാൻ പാടില്ലെന്നും സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തണമെന്നുമാണ് കേന്ദ്രസർക്കാർ അറിയിച്ചിരിക്കുന്നത്. റവന്യൂ-കൃഷി വകുപ്പുകളുമായി ആലോചിച്ച് നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കുന്നതാണ്.

## (3) റവന്യൂ ഭൂമി കയ്യേറ്റം

ശ്രീ. സണ്ണി ജോസഫ്: പേരാവൂർ മണ്ഡലത്തിലെ കേരള-കർണ്ണാടക അതിർത്തിയിലെ റവന്യൂ ഭൂമി കയ്യേറ്റം അവസാനിപ്പിക്കുന്നതിനും അതിർത്തിക്കല്ലുകൾ പുന:സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടി

സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരള-കർണ്ണാടക അതിർത്തി പ്രദേശത്ത് കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ അയ്യൻകുന്ന് വില്ലേജിൽ ഉൾപ്പെടുന്നതും കേരള അതിർത്തിയിൽപ്പെടുന്നതുമായ സ്ഥലം കർണ്ണാടക വനം വകുപ്പ് ഉദ്യോഗസ്ഥർ കയ്യേറുന്നതായ റിപ്പോർട്ടിനെത്തുടർന്ന് സർവ്വേ അധികൃതർ നടത്തിയ പരിശോധനയിൽ കേരള അതിർത്തി ഏഴ് മീറ്റർവരെ കയ്യേറി പുതിയ ജണ്ടകൾ സ്ഥാപിച്ചതായി കണ്ടെത്തിയിട്ടുണ്ട്. കേരള-കർണ്ണാടക സംസ്ഥാനത്തിലെ റവന്യൂ-സർവ്വേ ടീമുകൾ ബന്ധപ്പെട്ട റെക്കോർഡുകൾ സഹിതം സംയുക്ത പരിശോധന നടത്തി അതിരുകൾ നിർണ്ണയിച്ച് ജണ്ടയും സർവ്വേക്കല്ലുകളും പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## (4) നൂറ് വർഷം പൂർത്തീകരിച്ച സ്കൂളുകൾക്ക് പ്രത്യേക പരിഗണന

ശ്രീ. സി. ദിവാകരൻ: നൂറ് വർഷം പൂർത്തീകരിച്ച സർക്കാർ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണനയും പ്രോത്സാഹനവും നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ശതാബ്ദി

പൂർത്തിയാക്കിയ സർക്കാർ സ്കൂളുകളുടെ ചരിത്രം രചിക്കുന്നതിനും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും 2010-11-ലെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തുകയും ഇക്കാലയളവിൽ ശതാബ്ദി പൂർത്തീകരിച്ച 675 സ്കൂളുകളുടെ ചരിത്രം രചിക്കുന്നതിന് 20 ലക്ഷം രൂപയുടെ ഭരണാനുമതി കേരള ചരിത്ര ഗവേഷണ കൗൺസിലിന് നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരം സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കായി 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതാണെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തെത്തുടർന്ന് ഓരോ സ്കൂളിലും നടത്താനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശിച്ചതനുസരിച്ച് നിശ്ചിത തീയതിക്കകം 311 സ്കൂളുകൾ ശിപാർശകൾ ലഭ്യമാക്കിയെങ്കിലും ബഡ്ജറ്റിൽ തുക വകയിരുത്താതിരുന്നതിനാൽ നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 2014-15 കാലയളവിനുള്ളിൽ നൂറ് വർഷം പൂർത്തീകരിച്ച 937 സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 286 കോടി 44 ലക്ഷം രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (5) അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ന്യായമായ ശമ്പളവും ആനുകൂല്യങ്ങളും

ശ്രീ. വി. റ്റി. ബൽറാം: സ്വകാര്യ സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്ക് സർക്കാർ അനുവദിച്ചിരിക്കുന്ന മിനിമം ശമ്പളവും ആനുകൂല്യങ്ങളും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സംസ്ഥാനത്ത് അൺഎയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ അദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാരും അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളം പുതുക്കി നിശ്ചയിച്ചുകൊണ്ട് തൊഴിൽ വകുപ്പും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന് പുറമെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്കും അദ്ധ്യാപകർക്കും സർക്കാർ നിരക്കിലുള്ള ശമ്പളവും അലവൻസും നൽകിയിരിക്കണമെന്ന് എൻ.ഒ.സി.ക്കുള്ള മാനദണ്ഡത്തിലും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ മാനേജ്മെന്റുകളുടെ ചൂഷണത്തിന് വിധേയരാകുന്ന ജീവനക്കാരെ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നിയമ നിർമ്മാണം നടത്തുന്നതിനെക്കുറിച്ച് സർക്കാർ

ആലോചിക്കുന്നതാണ്.

## (6) അത്തിപ്പൊറ്റ പാലത്തിന്റെ പുനർനിർമ്മാണം

ശ്രീ. എ. കെ. ബാലൻ: തരൂർ മണ്ഡലത്തിലെ അപകടാവസ്ഥയിലായ അത്തിപ്പൊറ്റ പാലത്തിന്റെ പുനർ നിർമ്മാണത്തിന് ഭരണാനുമതി നൽകാൻ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സ്ഥലം ഏറ്റെടുക്കുന്നതിന് കാലതാമസമുണ്ടായതും 2009-ലെ സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ചതുമായ അത്തിപ്പൊറ്റ പാലത്തിന്റെ പുനർനിർമ്മാണത്തിന് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ 3 (1), (2) ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം.

'കാവുകളുടെ സംരക്ഷണം' എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2014-2015 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റ്മെന്റുകൾ ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. എം. പി. അബ്ദു സമദ് സമദാനി: " 2015 ഫെബ്രുവരി 6-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു.

(സർവ്വശ്രീ സി. ദിവാകരൻ, ഇ. ചന്ദ്രശേഖരൻ, പി. തിലോത്തമൻ, മുല്ലക്കര രത്നാകരൻ, കെ. രാജു, കെ. അജിത്, ഇ. കെ. വിജയൻ, വി. ശശി, കെ. വി. അബ്ദുൾ ഖാദർ, എ. എം. ആരിഫ്, ബാബു. എം. പാലിശ്ശേരി, എ. കെ. ബാലൻ, എം. ചന്ദ്രൻ, കെ. ദാസൻ, ബി. ഡി.ദേവസ്സി, പി. കെ.

ഗുരുദാസൻ, എം. ഹംസ, ജെയിംസ് മാത്യു, കെ. കെ. ജയചന്ദ്രൻ, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. കുഞ്ഞിരാമൻ (ഉദുമ), കെ. കെ. നാരായണൻ, എ. പ്രദീപ് കുമാർ, പുരുഷൻ കടലുണ്ടി, കെ. രാധാകൃഷ്ണൻ, ആർ. രാജേഷ്, റ്റി. വി. രാജേഷ്, രാജു എബ്രഹാം, സാജു പോൾ, എസ്. ശർമ്മ, ബി. സത്യൻ, പി. ശ്രീരാമകൃഷ്ണൻ, ജി. സുധാകരൻ, കെ. വി. വിജയദാസ്, ശ്രീമതിമാർ ഗീതാ ഗോപി, കെ. കെ. ലതിക, കെ. എസ്. സലീഖ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നന്ദി പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.)

<u>ശ്രീ. എം. പി. അബ്ദു സമദ് സമദാനി</u>: സംസ്ഥാനത്തിന്റെ ശോഭനമായ ഭാവിക്കുതകുന്ന വിധത്തിലുള്ള കാര്യങ്ങളാണ് നയപ്രഖ്യാപനത്തിലൂടെ ആദരണീയനായ ഗവർണ്ണർ  ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ  വളരെയേറെ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞ നാല് വർഷക്കാലത്തിനിടയിൽ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.  സംസ്ഥാന രാഷ്ട്രീയത്തിലും സഭയിലും  നിറസാന്നിധ്യമായി  തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച്  കടന്നുപോയ മുൻ നിയമസഭാ സ്പീക്കറെ ഈ അവസരത്തിൽ പ്രത്യേകം അനുസ്മരിക്കുന്നു.  സംസ്ഥാനത്തെ വിവിധ  പ്രദേശങ്ങൾക്ക് ലോക

പൈതൃക പദവി നേടുന്നതിനും സ്മാർട്ട് സിറ്റി പുനരുജ്ജീവിപ്പിക്കുന്നതിനും ക്രമസമാധാന പാലനത്തിൽ മാറ്റങ്ങളുണ്ടാക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. യുവ സംരംഭകരെ കണ്ടെത്തുന്നതിനും ലോട്ടറി സംവിധാനത്തിന് മാനുഷികമുഖം നൽകാനും ജൈവകൃഷി പ്രോത്സാഹിപ്പിക്കാനും നടപടി സ്വീകരിച്ചത് അങ്ങേയറ്റം ശ്ലാഘനീയമാണ്. പ്രശ്ന ബാധിത മേഖലകളിൽനിന്നും പ്രവാസികളെ സുരക്ഷിതരായി നാട്ടിലെത്തിക്കുന്നതിനും ഭൂരഹിതരില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിനും സർക്കാരിന് കഴിഞ്ഞു. റോഡ് വികസനത്തിനായി സമഗ്ര പദ്ധതി തയ്യാറാക്കിയതും പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചതും എടുത്തു പറയേണ്ട കാര്യങ്ങളാണ്. സംസ്ഥാന ഇന്നോവേഷൻ കൗൺസിൽ, സൗരോർജ്ജോൽപ്പാദനത്തിലൂടെ വൈദ്യുതരംഗം കൈവരിച്ച പുരോഗതി, പുതിയ താലൂക്കുകളുടെ രൂപീകരണം എന്നിവ സർക്കാരിന്റെ ഭരണനേട്ടങ്ങളാണ്. സാമൂഹിക- സാംസ്കാരിക-സാഹിത്യ രംഗങ്ങളുടെ പരിപോഷണത്തിനുതകുന്ന പ്രവർത്തനങ്ങളാണ് സർക്കാർ സ്വീകരിക്കുന്നത്. ദേശീയ ഗെയിംസ് സംഘടിപ്പിച്ചതിലൂടെ സ്പോർട്സ് രംഗത്ത് തിളക്കമാർന്ന നേട്ടങ്ങൾ കൈവരിക്കുന്നതിനും

ചെറുപ്പക്കാരുടെ പ്രതീക്ഷകൾ സാക്ഷാത്കരിക്കുന്നതിനും സർക്കാരിന് സാധിച്ചു. സംസ്ഥാനത്ത് ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ്, മലയാളം സർവ്വകലാശാലകൾ എന്നിവ സ്ഥാപിച്ചതും മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി ലഭ്യമായതും അഭിനന്ദനാർഹമാണ്. ബി. പി. എൽ. വിഭാഗത്തിന് ഒരു രൂപ, രണ്ട് രൂപ നിരക്കുകളിൽ അരി, ഗോതമ്പ് എന്നിവയുടെ വിതരണം, പരിസ്ഥിതിക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ്, തൊഴിൽ, ടൂറിസം മേഖലകളിൽ കൈവരിച്ച പുരോഗതി, കായലോരങ്ങളുടെ സംരക്ഷണം, മത്സ്യത്തൊഴിലാളികളുടെ ക്ഷേമം, രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പട്ടയം നൽകൽ, കേരളത്തെ ആഗോളവ്യാപാര കേന്ദ്രമാക്കുമെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം എന്നിവയിലൂടെ ഈ സർക്കാർ ജനകീയ ഭരണമാണ് കാഴ്ച വയ്ക്കുന്നത്. വരൾച്ചയെ മുൻനിർത്തി അവ നേരിടുന്നതിനും മഴവെള്ളം സംഭരിച്ചും കടലിലേയ്ക്ക് ഒഴുക്കിവിടുന്ന പുഴയിലെ ജലം പാഴാകാതെ സംഭരിച്ചും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും സമഗ്രമായൊരു പദ്ധതി ആവിഷ്കരിക്കണം. സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന വിഷമയമായ പച്ചക്കറികളെ അതിർത്തിയിൽവച്ചുതന്നെ നിയന്ത്രിക്കുന്നതിന് നടപടി

സ്വീകരിക്കണം. മൂലധനച്ചെലവ് വർദ്ധിപ്പിക്കുകയും ഹൈ കോസ്റ്റ് എക്കോണമിയായി സമ്പദ്ഘടന മാറാതിരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. സർക്കാർ ഭൂമി നാമമാത്ര പാട്ടത്തിന് ഉപയോഗിക്കുന്നവരുടെ കയ്യിൽനിന്നും വിപണിയിലെ നിലവാരത്തിൽ പാട്ടം വാങ്ങി സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കണം. കേരളത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് ദേശീയ നിരക്കിനേക്കാൾ 9.89 ശതമാനമായി ഉയർന്നത് സർക്കാരിന്റെ അഭിമാനാർഹമായ വിജയമാണ്.

<u>ശ്രീ. എം. ചന്ദ്രൻ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. അവാസ്തവ പ്രഖ്യാപനങ്ങളും മുൻവർഷങ്ങളിൽ നടത്തിയ നയപ്രഖ്യാപനങ്ങളുടെ ആവർത്തനവും നിറഞ്ഞ നയപ്രഖ്യാപനമാണ് നടത്തിയിട്ടുള്ളതെന്നു മാത്രമല്ല, മുൻകാലങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികളൊന്നുംതന്നെ യാഥാർത്ഥ്യമാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുമില്ല. ദിശാബോധമില്ലാത്ത സർക്കാരാണ് ഇതെന്ന് നയപ്രഖ്യാപനത്തിൽനിന്ന് മനസ്സിലാകും. എൽ.ഡി.എഫ്. സർക്കാർ ചെയ്തിട്ടുള്ള നേട്ടങ്ങളെ തകർത്തതാണ് ഈ സർക്കാരിന്റെ നേട്ടം. സോളാർ തട്ടിപ്പ്, പാറ്റൂർ ഭൂമി തട്ടിപ്പ്, ബാർ കോഴ തുടങ്ങിയ നിരവധി അഴിമതികളിൽ മുങ്ങിയ സർക്കാരാണ് സംസ്ഥാനം ഭരിക്കുന്നത്. ഭരണകക്ഷി നേതാക്കൾതന്നെ

സഭയിൽവച്ച് മന്ത്രിമാർക്കെതിരെ അഴിമതി ആരോപണം ഉന്നയിക്കുന്ന സ്ഥിതി വിശേഷമുണ്ടായി. ചീഫ് സെക്രട്ടറിയും ഡി.ജി.പി.-യും ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥതലത്തിൽ അഴിമതി സാർവ്വത്രികമായിരിക്കുകയാണ്. 35-ാമത് ദേശീയ ഗെയിംസ് അഴിമതിയുടെ കൂത്തരങ്ങായി മാറ്റി. ദേശീയ ഗെയിംസ് നടത്തിപ്പിലെ അഴിമതി സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം പ്രഖ്യാപിച്ചിരിക്കുന്നത് അതിൽ അഴിമതി നടന്നിട്ടുണ്ടെന്നാണ് തെളിയിക്കുന്നത്. വികലമായ മദ്യനയത്തിന്റെ മറപിടിച്ച് വൻതോതിലുള്ള അഴിമതിയാണ് നടത്തിയിരിക്കുന്നത്. അഴിമതിയിൽ മുങ്ങിക്കുളിച്ച ഗവൺമെന്റിന് കേരളത്തെ നയിക്കാൻ കഴിയില്ല.

<u>ശ്രീ. കെ. മുരളീധരൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനം ബഹിഷ്കരിച്ച പ്രതിപക്ഷത്തിന്റെ നടപടി ദൗർഭാഗ്യകരമാണ്. ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടെങ്കിലും 35-ാമത് ദേശീയ ഗെയിംസ് ഇച്ഛാശക്തിയോടെ നടത്താൻ സർക്കാരിന് കഴിഞ്ഞു. തിരുവനന്തപുരം കാര്യവട്ടത്ത് 50000 പേർക്ക് ഇരിക്കാവുന്ന അന്താരാഷ്ട്ര നിലവാരത്തോടെയുള്ള സ്റ്റേഡിയം

നിർമ്മിക്കാനും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 9 പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കാനും നൂതന സൗകര്യങ്ങളോടെ 16 സ്റ്റേഡിയങ്ങൾ നവീകരിക്കാനും കഴിഞ്ഞത് ദേശീയ ഗെയിംസിന്റെ പ്രധാന നേട്ടങ്ങളാണ്. ദേശീയ ഗെയിംസിൽ ഏറ്റവും അഭിമാനകരമായ പ്രകടനം കാഴ്ചവയ്ക്കാൻ കേരളത്തിലെ സ്പോർട്സ് താരങ്ങൾക്ക് കഴിഞ്ഞു. കൊച്ചി മെട്രോ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം തുടങ്ങിയ വൻകിട പദ്ധതികൾ യാഥാർത്ഥ്യമാക്കാനുള്ള സർക്കാരിന്റെ നടപടി ഏറെ പ്രശംസനീയമാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പദ്ധതിക്ക് കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ അനുമതി നേടിയെടുക്കുന്നതിന് ആത്മാർത്ഥമായി പരിശ്രമിച്ച ഗവൺമെന്റാണിത്. കരമന-കളിയിക്കാവിള റോഡ് വികസന പ്രവർത്തനം സുഗമമായി മുന്നോട്ടുപോകുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മലയാളഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കാനും മലയാളം സർവ്വകലാശാല സ്ഥാപിക്കാനും കഴിഞ്ഞത് ശ്ലാഘനീയമാണ്. സർക്കാർ മെഡിക്കൽ കോളേജുകളുടെ എണ്ണം അഞ്ചിൽനിന്നും ഒൻപതായി വർദ്ധിപ്പിക്കുകയും മികച്ച ചികിത്സാ സൗകര്യം ഏർപ്പെടുത്തുകയും ചെയ്ത നടപടി പാവപ്പെട്ട ജനവിഭാഗങ്ങളോടുള്ള

യു.ഡി.എഫ്. ഗവൺമെന്റിന്റെ പ്രതിബദ്ധത തെളിയിക്കുന്നതാണ്. പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാനും തിരുവനന്തപുരം ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജ് ആക്കി ഉയർത്താനുമുള്ള തീരുമാനം ആശാവഹമാണ്. ആഭ്യന്തര വകുപ്പ് നടപ്പിലാക്കിയ "ഓപ്പറേഷൻ സുരക്ഷ", "ഓപ്പറേഷൻ കുബേര" എന്നിവ വഴി മാഫിയകളേയും വാറന്റ് പ്രതികളേയും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. വായ്പകൾക്ക് അമിത പലിശ ഈടാക്കി പാവപ്പെട്ടവരെ ചൂഷണം ചെയ്യുന്ന കൊള്ളപ്പലിശക്കാർക്കെതിരെ നടപടി സ്വീകരിച്ചത് പ്രതീക്ഷാനിർഭരമായ നടപടിയാണ്. പോലീസ് ഉദ്യോഗസ്ഥരുടെ സൻമാർഗികതയെ മുറിവേൽപ്പിക്കുന്ന വിധത്തിലുള്ള ആക്ഷേപങ്ങളുണ്ടാകുന്നത് തികച്ചും ദൗർഭാഗ്യകരമാണ്. തൃശ്ശൂരിൽ സെക്യൂരിറ്റി ജീവനക്കാരന്റെ ദാരുണമായ കൊലപാതകത്തിന് അറസ്റ്റ് ചെയ്യപ്പെട്ട പ്രതിയുടെ പേരിൽ കാപ്പ നിയമം ചുമത്തി ശിക്ഷിക്കാനുള്ള തീരുമാനം തികച്ചും ഉചിതമാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ നാല് വർഷത്തെ നേട്ടങ്ങൾ അക്കമിട്ട് നിരത്തിയ നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. സി. ദിവാകരൻ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. പൊതുജനങ്ങളെ

ബാധിക്കുന്ന സമകാലീന വിഷയങ്ങളിൽനിന്ന് അകന്നുമാറി കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിന്റെ ശരിപകർപ്പാണ് ഗവർണ്ണർ സഭയിൽ ഇപ്പോൾ നടത്തിയിട്ടുള്ളത്. കേരളത്തിലെ ജനങ്ങളെ വഞ്ചിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന കേന്ദ്ര നയത്തിനെതിരെ പ്രതിഷേധിക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറാകുന്നില്ല. വിലക്കയറ്റം തടയുന്നതിനോ അടിസ്ഥാന ആവശ്യമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനോ ഉള്ള യാതൊരു നിർദ്ദേശവും നയപ്രഖ്യാപനത്തിൽ ഇല്ല. നയപ്രഖ്യാപന പ്രസംഗത്തിലെ നിർദ്ദേശത്തിന് കടകവിരുദ്ധമായി സപ്ലൈകോ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാനുള്ള ഉത്തരവ് പിൻവലിക്കണം. ഇന്ന് കേരളം സാമ്പത്തികമായി ഏറ്റവും വലിയ തകർച്ച നേരിടുകയാണ്. ആയിരം കോടി രൂപ ഇപ്പോൾ കടം വാങ്ങുകയാണ്. കേരളത്തിന്റെ അവകാശങ്ങൾ ചോദിച്ചുവാങ്ങാതെ ഇത്തരം നയപ്രഖ്യാപനത്തിലൂടെ കേരളത്തിലെ ജനങ്ങളെ വഞ്ചിക്കുകയാണ് സർക്കാർ ചെയ്യുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ നാല് വർഷക്കാലമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വളരെ

ജനോപകാരപ്രദമായ പരിപാടികളെക്കുറിച്ചും വരാനിരിക്കുന്ന കാലഘട്ടങ്ങളിൽ ഇവിടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിഷയങ്ങളെക്കുറിച്ചും പ്രതിപാദിക്കുകയും കേരളം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളിലേയ്ക്ക് വിരൽ ചൂണ്ടുകയും ചെയ്യുന്ന വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങളിൽ അധിഷ്ഠിതമായ ഒരു നല്ല നയപ്രഖ്യാപനമാണ് ഈ സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ അവതരിപ്പിച്ചത്. യൂറോപ്യൻ യൂണിയനുമായി കേന്ദ്ര ഗവൺമെന്റ് കരാർ ഒപ്പിടുന്നതോടുകൂടി കേരളത്തിന്റെ കാർഷികമേഖലയും സമ്പദ്മേഖലയും തകരുമെന്ന കാര്യത്തിൽ സംശയമില്ല. കോർപ്പറേറ്റ് യൂണിയനുകൾക്കും ബഹുരാഷ്ട്ര കുത്തകകൾക്കും സാമ്രാജ്യത്വത്തിനും വേണ്ടി ഇന്ത്യയെ തീറെഴുതുകയും മതത്തിന്റെയും ജാതിയുടെയും പേരിൽ ജനങ്ങൾക്കിടയിൽ ഭിന്നിപ്പും വർഗ്ഗീയ ധ്രുവീകരണവും നടത്തുന്ന പൊതു ശത്രുവിനെ ഇല്ലാതാക്കുകയും അത്തരം സാമ്പത്തിക നയത്തിനെതിരായി പൊരുതുകയും ചെയ്യേണ്ട കാലഘട്ടത്തിൽ ദൂരവ്യാപകമായ മാറ്റങ്ങൾ ഉളവാക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

<u>ശ്രീമതി ജമീലാ പ്രകാശം</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. വിഴിഞ്ഞം

മദർ പോർട്ട് പദ്ധതി കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭമായി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിൽ അഭിമാനിക്കുമ്പോഴും മലയാളം കൈകാര്യം ചെയ്യാൻ കഴിയാത്ത ഒരു തലമുറയാണ് വളർന്നുവരുന്നത് എന്നത് വസ്തുതയാണ്. നീര ഉൽപ്പാദന വിപണന രംഗത്തേയ്ക്ക് നാഷണൽ - മൾട്ടീ നാഷണൽ കോർപ്പറേറ്റ് കമ്പനികൾക്ക് കടന്നുവരുന്നതിന് ഒത്താശ ചെയ്തുകൊടുക്കുന്നതിനുള്ള ശ്രമമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. പന്നിപ്പനി ബാധിതർക്ക് ഈ ഗവൺമെന്റ് യാതൊരു സഹായവും നൽകുന്നില്ല. പക്ഷിപ്പനി പടർന്നുപിടിച്ചതിലൂടെ കൃഷി നാശം സംഭവിച്ച താറാവുകർഷകരെ സഹായിക്കുന്നതിനോ കുരങ്ങുപനി ബാധിച്ച വയനാട് ആദിവാസി മേഖല സന്ദർശിക്കുന്നതിനോ പനിബാധിതർക്ക് വാഗ്ദാനം നൽകിയ ചികിത്സാ ധനസഹായം നൽകുന്നതിനോ മറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനോ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. ആദിവാസി ക്ഷേമത്തിനുള്ള കോർപ്പസ് ഫണ്ടിൽ നിന്നും തുക വകമാറ്റി ആഭ്യന്തരവകുപ്പിന് കൈമാറിയെന്ന വാർത്ത പുറത്തുവന്നിരിക്കുകയാണ്. വീടില്ലാത്തവർക്ക് വീട് കൊടുക്കുകയെന്നത് ഒരു

പദ്ധതിയായി കാണുന്നതിനുപകരം ഒരു പ്രശ്നമായി കാണുകയും പിന്നോക്ക സമുദായ സംവരണം അട്ടിമറിക്കുകയും ചെയ്യുന്ന ഗവൺമെന്റ് നിലപാട് മാറ്റാൻ തയ്യാറാകണം. ഈ ഗവൺമെന്റ് മരുന്നുസംഭരണത്തിനായി ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്നില്ലെന്ന് മാത്രമല്ല, പല മാരക രോഗങ്ങൾക്കും ഉപയോഗിക്കുന്ന മരുന്നുകളുടെ പർച്ചേയ്സ് നിറുത്തിവച്ചിരിക്കുകയുമാണ്. പകർച്ചവ്യാധി മേഖലയായ കോവളം മണ്ഡലത്തിൽ ഒരു പുതിയ സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഭരണഘടനയുടെയും ഭരണഘടനാപരമായി നിലനിൽക്കുന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെയും തെരഞ്ഞെടുപ്പ് നിയമത്തിന്റെയും പരിധിയിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയ കക്ഷികളെ ഭരണഘടനാതീതമായ സ്ഥാപനങ്ങളായി കോടതിയിൽ വിവക്ഷിക്കുന്നത് ജനാധിപത്യത്തെ ചോദ്യം ചെയ്യുന്നതിന് തുല്യമാണ്.

ശ്രീ. പി. സി. ജോർജ്: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തെപ്പറ്റി ചർച്ച ചെയ്യുന്നതിനുപകരം ഒരു കള്ളകച്ചവടക്കാരനായ ബിജു രമേശിനെക്കുറിച്ച് ചർച്ച ചെയ്യുന്നത്

പ്രതിപക്ഷാംഗങ്ങൾക്ക് ഭൂഷണമല്ല. വളരെ വ്യക്തമായ കാഴ്ചപ്പാടോടെയാണ് ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ നാല് വർഷം തുടർന്ന നയങ്ങൾ അതേപടി തുടരുമെന്നല്ലാതെ പുതുതായി യാതൊരവകാശവാദവും ഈ നയപ്രഖ്യാപനത്തിലില്ല. എന്നാൽ പണം സ്വരൂപിച്ച് അതിന് കാവലിരിക്കുന്നതിനുപകരം ജനക്ഷേമ പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കുമായി പണം ചെലവഴിക്കുന്ന ഗവൺമെന്റാണിത്. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ കാർഷിക മേഖലയിലെ തകർച്ചയെപ്പറ്റി സൂചന നൽകുന്നുണ്ടെങ്കിലും 12 ലക്ഷത്തോളം വരുന്ന റബ്ബർ കർഷകരെപ്പറ്റി യാതൊന്നും പറഞ്ഞിട്ടില്ല. റബ്ബർ മേഖലയിലെ തകർച്ച ഇല്ലാതാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുന്ന റബ്ബർ കർഷകരെ രക്ഷിക്കുന്നതിനും വളരെ ശക്തമായ നടപടികൾ ആവിഷ്ക്കരിക്കണം. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യാൻ തയ്യാറാകണം. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി ഗവൺമെന്റ് അനുവദിച്ച തുക അർഹതപ്പെട്ടവർക്ക് കിട്ടിയിട്ടുണ്ടോ എന്ന് നിയമസഭാ കമ്മിറ്റിയെ വച്ച് അന്വേഷിപ്പിക്കണം. ഭൂനിയമ പ്രകാരം ഭൂമി

ഇഷ്ടദാനം നൽകുന്നതിനുള്ള നിയമം നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണം. വനഭൂമി സംരക്ഷിക്കുന്നതുപോലെ അവിടത്തെ ജനങ്ങളേയും സംരക്ഷിക്കണം. കൃഷിയിടങ്ങളിൽ വന്യമൃഗങ്ങളുടെ ശല്യം തടയുന്നതിനായി വനപ്രദേശങ്ങളിൽ ജെണ്ട കെട്ടണം. തുളു ബ്രാഹ്മണർക്ക് ഭാഷാ ന്യൂനപക്ഷ പദവി നൽകി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റ് നാടാർ സമൂഹത്തിനായി അയ്യാ വൈകുണ്ഠസ്വാമിയുടെ ജന്മദിനം നിയന്ത്രിത അവധിയായി പ്രഖ്യാപിച്ചതുപോലെ കുമാരഗുരുദേവന്റെ ജന്മദിനം കൂടി നിയന്ത്രിതാവധിയായി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കണം. ഇടുക്കി ജില്ലയിലെ കുടിയേറ്റ കർഷകർക്ക് പട്ടയം കൊടുക്കുന്നതിന് മുഖ്യമന്ത്രി മുൻകൈയെടുക്കണം. നായശല്യം രൂക്ഷമായതിനാൽ അവയെ കൊല്ലുന്നതിനുള്ള ഉറച്ച തീരുമാനം കൈക്കൊള്ളണം.

(ഉച്ചഭക്ഷണത്തിനായി ഉച്ചയ്ക്കുശേഷം 1.40-ന് നിർത്തിവച്ച സഭ 2.30-ന് പുനരാരംഭിച്ചു.)

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: നന്ദി പ്രമേയത്തെ എതിർക്കുന്നു. സമ്പദ്ഘടനയെ രക്ഷിക്കുന്ന യാതൊന്നും നയപ്രഖ്യാപനത്തിലില്ല. സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ മുഴുവൻ മരവിച്ചിരിക്കുകയാണ്.

മലയോര പ്രദേശങ്ങളിൽ ജനങ്ങൾക്ക് നേരെയുണ്ടാകുന്ന കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുന്നതിനും പേപ്പട്ടിയെ പിടിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതികൾക്ക് അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ജോസഫ് വാഴയ്ക്കൻ: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതികൾ സമയബന്ധിതമായി ലക്ഷ്യത്തിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിക്ക് ലഭിച്ച അവാർഡ് ഉൾപ്പെടെ നിരവധി അവാർഡുകളാണ് സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിരിക്കുന്നത്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ പാലങ്ങൾ, റോഡുകൾ എന്നിവ നിർമ്മിക്കുന്നതിനായി 10,000 കോടിയോളം രൂപ ചെലവ് വരുന്ന 'Sustainable and Planned Effort to Ensure Infrastructure Development of Kerala' SPEEID Kerala പദ്ധതിയാണ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് നടപ്പിലാക്കാൻ പോകുന്നത്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും 18 ആർട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിക്കുകയും ചെയ്തു. 'ഓപ്പറേഷൻ കുബേര', 'സേഫ് കാമ്പസ് ക്ലീൻ

കാമ്പസ് ', 'ഓപ്പറേഷൻ സുരക്ഷ' എന്നീ പദ്ധതികൾ ഈ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. കേരളം ജൈവ പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുകയാണ്. സംസ്ഥാനത്തിന് ആവശ്യമായ 80 ശതമാനത്തോളം പാൽ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന സ്ഥിതിയാണുള്ളത്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഷീ ടാക്സി, ഷീ ടോയ്‌ലറ്റ്, ആശ്വാസകിരണം, ജെൻഡർ പാർക്ക്, വയോമിത്രം, കോക്ലിയർ ഇംപ്ലാന്റേഷൻ, നിർഭയ എന്നീ പദ്ധതികൾ ജനങ്ങൾക്ക് വളരെയേറെ പ്രയോജനപ്രദമാണ്. വിവിധ സംഘാടക സമിതികളിൽ അംഗങ്ങളായിരുന്ന ഇടതുപക്ഷത്തുനിന്നുള്ള അറുപതോളം പേർ രാജിവച്ചെങ്കിലും ദേശീയ ഗെയിംസ് വളരെ ഭംഗിയായി നടത്തുന്നതിന് സാധിച്ചു. ഭൂരിപക്ഷമുള്ള ഗവൺമെന്റിന്റെ പ്രതിനിധി എന്ന നിലയിൽ ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കും.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. സംസ്ഥാനത്ത് ഉയർന്നുവരുന്ന എല്ലാ അഴിമതി കേസുകളെയും ഒതുക്കിതീർക്കുന്നതിനുള്ള സംവിധാനമായി പോലീസ് മാറിയിരിക്കുകയാണ്. തൃശ്ശൂരിലെ ശോഭാ സിറ്റിയിൽ നടന്ന സെക്യൂരിറ്റി ജീവനക്കാരന്റെ കൊലപാതകം സംബന്ധിച്ച

കേസ് ഇല്ലാതാക്കുന്നതിനുള്ള ശ്രമം നടന്നുവരികയാണ്. കേസിന്റെ പ്രധാന തെളിവായ ചോരപുരണ്ട വസ്ത്രങ്ങൾ സൂക്ഷിക്കുന്നതിനോ മരണമൊഴി രേഖപ്പെടുത്തുന്നതിനോ സാധിച്ചിട്ടില്ല. രാജ്യത്ത് ഉയർന്നുവരുന്ന തീവ്ര വർഗ്ഗീയതയ്ക്കെതിരായി നിലപാട് സ്വീകരിക്കാൻ കോൺഗ്രസ്സിന് കഴിയുന്നില്ല. നയമോ ലക്ഷ്യബോധമോ ഇല്ലാത്ത പാർട്ടിയായി കോൺഗ്രസ് മാറിയിരിക്കുന്നു.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കൃത്യമായ ദിശാബോധത്തോടെ സംസ്ഥാനത്തിന്റെ വികസന മുന്നേറ്റം ലക്ഷ്യം വച്ചുകൊണ്ട് കരുതലായ ചുവടുവയ്പുകളോടെ മുന്നോട്ടുപോകുന്ന ഗവൺമെന്റാണിത്. ഭൂരഹിതരായ ഒരുലക്ഷത്തിലേറെപ്പേർക്ക് മൂന്നുസെന്റ് ഭൂമി വീതം നൽകി രണ്ടുലക്ഷത്തോളം ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരികയാണ്. കേരളത്തെ സമ്പൂർണ്ണ ഇ-ഗവേണൻസ് സ്റ്റേറ്റാക്കിമാറ്റുന്നതിന് സർക്കാരിന് സാധിച്ചു. കടമെടുത്തതിനേക്കാൾ കൂടുതൽ തുക സംസ്ഥാനത്തിന്റെ വികസനത്തിനു വേണ്ടിയാണ് സർക്കാർ വിനിയോഗിച്ചിട്ടുള്ളത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള കണ്ണൂർ വിമാനത്താവളം അടുത്തവർഷം രാജ്യത്തിന്

സമർപ്പിക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്. എൻ.ആർ.ഐ. കമ്മീഷൻ രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രവാസികൾക്ക് വളരെയേറെ പ്രതീക്ഷ നൽകുന്നതാണ്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ ആശയങ്ങളും പ്രവാസികളുടെ നിക്ഷേപവും ബുദ്ധിപരമായി സമന്വയിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഐ.ടി. മേഖലയിൽ 80000-ത്തോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ യോജിച്ചു പോരാടാൻ കഴിയണം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയടക്കം യൂണിവേഴ്സൽ ഹെൽത്ത് കവറേജിൽ ഉൾപ്പെടുത്തി പാവപ്പെട്ട രോഗികൾക്ക് കൂടുതൽ ആശ്വാസമെത്തിക്കുന്നതിനും സംസ്ഥാനത്ത് പോലീസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുമുള്ള ശ്രമങ്ങൾ ശ്ലാഘനീയമാണ്. സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും സംരക്ഷണമുറപ്പാക്കാൻ കഴിയുന്ന നയപ്രഖ്യാപനമാണ് ഗവർണ്ണർ നടത്തിയിരിക്കുന്നത്.

<u>ശ്രീ. കെ. രാജു</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ദേശീയ ഗെയിംസ്

നടത്തിപ്പിലുണ്ടായ വീഴ്ചകൾ സംസ്ഥാന സർക്കാരിന്റെ പിടിപ്പുകേടിന്റെ വലിയ ഉദാഹരണമാണ്. കരിഓയിൽ കേസും എം.ജി.കോളേജ് ആക്രമണകേസും തൊഗാഡിയയുടെ വിഷലിപ്തമായ പ്രസംഗത്തിനെതിരെയുള്ള കേസും പിൻവലിക്കാനുള്ള സർക്കാർ നടപടി നീതിക്ക് നിരക്കാത്തതാണ്. പൊള്ളയായ വാഗ്ദാനങ്ങളാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. കഴിഞ്ഞ വർഷത്തെ നയപ്രഖ്യാപന പ്രസംഗത്തിലെ ഒരു പ്രഖ്യാപനവും നടപ്പിലാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല.

ശ്രീ. മോൻസ് ജോസഫ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ക്രമസമാധാന പാലനത്തിലും ജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പുവരുത്തുന്നതിനും കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാവുന്നത് യു.ഡി.എഫ്. സർക്കാരിന്റെ ഭരണനേട്ടമാണ്. ആരോഗ്യ, വിദ്യാഭ്യാസ, കാർഷിക മേഖലകളുടെ സംരക്ഷണത്തിന് വലിയ പ്രാധാന്യമാണ് സർക്കാർ നൽകിയിരിക്കുന്നത്. സർക്കാരിന്റെ നേട്ടങ്ങളെ പ്രതിപക്ഷം അന്ധമായി വിമർശിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കാത്ത പല പദ്ധതികളും പ്രാവർത്തികമാക്കാൻ ഈ ഗവൺമെന്റ് പരിശ്രമിക്കുകയും അക്കാര്യത്തിൽ വിജയിക്കുകയും ചെയ്തു. അന്ധമായ രാഷ്ട്രീയവിരോധം

പ്രതിപക്ഷം അവസാനിപ്പിക്കണം. ലോകശ്രദ്ധ നേടുന്ന വിധത്തിൽ നാഷണൽ ഗെയിംസ് സംഘടിപ്പിക്കാൻ കഴിഞ്ഞത് കേരളത്തിന് അഭിമാനകരമായ കാര്യം തന്നെയാണ്. ബാർ കോഴ ആരോപണം വസ്തുതാപരമായി തെളിയിക്കാനോ സമൂഹത്തെ ബോദ്ധ്യപ്പെടുത്താനോ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. നാലുവർഷക്കാലമായി നടത്തിവരുന്ന വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിച്ച് മുന്നോട്ടുപോകുന്നതിന് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം സഹായകരമായിത്തീരും.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. വാഗ്ദാനങ്ങൾ നൽകുന്നതല്ലാതെ അവ നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. തൊഴിലില്ലായ്മ പരിഹരിക്കാൻ 500 കോടി രൂപ മുതൽ മുടക്കി ആരംഭിക്കുമെന്ന് പറഞ്ഞ തൊഴിൽദാന പദ്ധതി ഇതുവരെ നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ നാല് വർഷക്കാലത്തിനുള്ളിൽ ബഡ്ജറ്റിലും നയപ്രഖ്യാപന പ്രസംഗത്തിലും പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് നടത്താൻ സർക്കാർ തയ്യാറാകണം. പെൻഷൻ പ്രായം ഉയർത്തുന്നതു സംബന്ധിച്ച

കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കണം. നിയമന നിരോധനമാണ് സർക്കാർ നടപ്പാക്കുന്നത്. സർവ്വകലാശാല നിയമനങ്ങളും ദേവസ്വംബോർഡ് നിയമനങ്ങളും പി.എസ്.സി.-ക്ക് വിട്ടുവെങ്കിലും അതിന്മേൽ തുടർ നടപടി സ്വീകരിക്കാതെ പിൻവാതിൽ നിയമനം നടത്താനാണ് സർക്കാർ ശ്രമിക്കുന്നത്. കേന്ദ്രസർക്കാരിന്റെ വികലമായ നയങ്ങൾക്കെതിരെ ഒന്ന് പ്രതികരിക്കാൻപോലും ഈ സർക്കാർ ശ്രമിച്ചിട്ടില്ല.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടന്ന ഉപതെരഞ്ഞെടുപ്പുകളിലെല്ലാം യു.ഡി.എഫ്. വിജയിച്ചിട്ടുണ്ടെന്നുള്ള കാര്യം അഭിമാനിക്കാവുന്നതാണ്. തീരദേശ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനായി നൽകുന്ന തുക 2 ലക്ഷം രൂപയായും ആസ്തി വികസന ഫണ്ട് 5 കോടി രൂപയായും വർദ്ധിപ്പിച്ചു. കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം എന്നിവ യാഥാർത്ഥ്യമാകാൻ പോവുകയാണ്. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടും സെയ്ദ് റാവു കമ്മിറ്റി റിപ്പോർട്ടും നടപ്പാക്കാനുള്ള നീക്കത്തെ സർക്കാർ ശക്തമായി എതിർക്കും. ജനക്ഷേമകരമായ

പ്രവർത്തനങ്ങൾ നടത്തുന്ന ഉമ്മൻ ചാണ്ടി സർക്കാർ അഞ്ച് വർഷം പൂർത്തിയാക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപന പ്രസംഗം വെറും പ്രഖ്യാപനങ്ങളും കഴിഞ്ഞ വർഷങ്ങളിലെ പ്രഖ്യാപനങ്ങളിലെ തനിയാവർത്തനവുമാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാനോ കാർഷിക വിലത്തകർച്ച നേരിടാനോ റബ്ബറിന്റെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കാനോ യാതൊരു നടപടിയുമില്ല. പുതിയ താലൂക്കുകൾ നിലവിൽ വന്നെങ്കിലും അനുബന്ധ ഓഫീസുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. കാഞ്ഞങ്ങാട് മിനിസിവിൽ സ്റ്റേഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ജനസമ്പർക്ക പരിപാടിയിലൂടെ നാമമാത്രമായ സാമ്പത്തിക സഹായമാണ് അനുവദിച്ചിട്ടുള്ളത്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മരുന്നു വാങ്ങാൻ ഫണ്ടില്ലാത്തതിനാൽ ആശുപത്രികളിൽ മരുന്നുകളുടെ ദൗർലഭ്യം അനുഭവപ്പെടുകയാണ്. സാമ്പത്തികാസൂത്രണം പരാജയപ്പെടുകയും പൊതുകടം വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. കാസർഗോഡ് ജില്ലയിൽ നിയമിക്കപ്പെടുന്ന ഡോക്ടർമാർക്ക് പ്രത്യേക ഇൻസെന്റീവ് നൽകുമെന്ന പ്രഖ്യാപനം

നടപ്പിലാക്കുന്നതിനും എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനും സർക്കാരിന് സാധിച്ചിട്ടില്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും വികസനം ലക്ഷ്യമിടുന്ന നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. കേരളത്തിന്റെ മുഖച്ഛായ മാറ്റിയ ധാരാളം സ്വപ്ന പദ്ധതികൾ ഈ സർക്കാർ നടപ്പാക്കി. 'കരുതൽ 2015" എന്ന പേരിൽ മുഖ്യമന്ത്രിയുടെ മൂന്നാം ജനസമ്പർക്ക പരിപാടി നടപ്പാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നിവ വൻവിജയമാക്കാൻ സർക്കാരിന് സാധിച്ചു. പരിസ്ഥിതി സൗഹൃദ വ്യവസായം നടപ്പാക്കുന്നതിനുള്ള പരിശ്രമങ്ങൾ പ്രശംസനീയമാണ്. എമർജിംഗ് കേരളയിലൂടെ കേരളത്തിലെ വ്യാവസായിക വികസനത്തിന് അടിത്തറ പാകുന്ന പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചു. മലബാർ മേഖലയിൽ പ്ലസ് ടു അനുവദിക്കുകയും എല്ലാ മണ്ഡലങ്ങളിലും പുതിയ കോളേജുകൾ അനുവദിക്കുകയും പാലക്കാട് ജില്ലയിൽ ഐ.ഐ.ടി. യാഥാർത്ഥ്യമാക്കുകയും ചെയ്തത് പ്രശംസനീയമാണ്. ഗ്ലോബൽ എഡ്യൂക്കേഷൻ

മീറ്റ് നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മാനസിക സാമൂഹിക പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനവും 'അവളുടെ വിദ്യാഭ്യാസം നമ്മുടെ ഉത്തരവാദിത്വം' എന്ന പദ്ധതിയിലൂടെ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്ക് സൗജന്യ പാഠപുസ്തകം വിതരണം ചെയ്യുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. ദേശീയപാത വികസനത്തിന്റെ ഭാഗമായി പുതിയ ബൈപ്പാസുകളുടെ കൂട്ടത്തിൽ മണ്ണാർക്കാട് ബൈപ്പാസിനെക്കൂടി ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. അട്ടപ്പാടിയിലെ അഗളിയിൽ കാറ്റാടി വൈദ്യുതി നിലയങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം.

<u>ശ്രീ. വി. ശിവൻകുട്ടി</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ജനവിരുദ്ധ സർക്കാരിന്റെ നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. റബ്ബറിന്റെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടാൻപോലും സർക്കാർ തയ്യാറാകാത്തത് പരിതാപകരമാണ്. ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തുകയും റവന്യൂ റിക്കവറി നടപടികൾ സ്റ്റേ ചെയ്തതിലൂടെ സംസ്ഥാന ഖജനാവിന് ലഭിക്കേണ്ട നികുതി പണം നഷ്ടപ്പെടുത്തുകയും ചെയ്ത സർക്കാരാണിത്. സംസ്ഥാനത്ത്

ബാർ ഹോട്ടലുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന അഴിമതി സംബന്ധിച്ചും ധനകാര്യ വകുപ്പുമന്ത്രിയുടെ യഥാർത്ഥ സ്വത്ത് വിവരങ്ങൾ മറച്ചുവച്ചുകൊണ്ട് തെരഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെ നൽകിയ വ്യാജ സ്റ്റേറ്റ്മെന്റ് സംബന്ധിച്ചും അന്വേഷിക്കുന്നതിന് സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ഏജൻസിയെ നിയമിക്കണം. വിവിധ സഹകരണ സംഘങ്ങളിൽനിന്ന് പിരിച്ചെടുത്ത 110 കോടി രൂപ ഉപയോഗിച്ച് റബ്ബർ കൃഷിക്കാർക്കുവേണ്ടി സഹകരണ മേഖലയിൽ ആരംഭിച്ച പാലായിലെ ടയർ കമ്പനിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചും പ്രസ്തുത ഭൂമിയിൽനിന്ന് വെട്ടി മാറ്റിയ റബ്ബർ മരങ്ങൾ സംബന്ധിച്ചും ഇവിടെനിന്ന് ലഭിച്ചിട്ടുള്ള ലാഭം സംബന്ധിച്ചും വിജിലൻസ് അന്വേഷണം നടത്തുന്നതോടൊപ്പം വിവിധ മാർഗ്ഗങ്ങളിലായി ധനകാര്യ വകുപ്പുമന്ത്രി സമ്പാദിച്ച അനധികൃത സ്വത്ത് സംബന്ധിച്ചും അന്വേഷണം നടത്തണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: നന്ദി പ്രമേയത്തെ പിന്താങ്ങുന്നു. ബഹുമാന്യനായ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനത്തെ തടസ്സപ്പെടുത്തുകയും ബഹിഷ്കരിക്കുകയും ചെയ്ത പ്രതിപക്ഷത്തിന്റെ നടപടി തീർത്തും അപലപനീയമാണ്. സംസ്ഥാനത്തെ ജനങ്ങളെ സ്വകാര്യ കുത്തക

മുതലാളിമാരുടെ ചൂഷണത്തിൽനിന്നും രക്ഷിച്ച് അവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനും പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഉൾപ്പെടെ മെഡിക്കൽ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ മേഖലയിൽ പുതിയ ഒമ്പത് മെഡിക്കൽ കോളേജുകൾ ആരംഭിക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. എയ്ഡഡ് കോളേജുകളില്ലാത്ത മണ്ഡലങ്ങളിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി അവ സ്ഥാപിക്കുന്നതിനും 259 പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുമുള്ള സർക്കാരിന്റെ തീരുമാനം സ്വാഗതാർഹമാണ്. ആരോഗ്യ കിരണം, ശ്രുതിതരംഗം, കാരുണ്യ ബെനവലന്റ് ഫണ്ട് തുടങ്ങി ജനക്ഷേമകരമായ പദ്ധതികൾ നടപ്പാക്കിയതിലൂടെ നിരവധി കുടുംബങ്ങൾക്ക് ആശ്വാസമെത്തിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പരിഹരിക്കാതിരുന്ന മൂലമ്പിള്ളി, ചെങ്ങറ, ആദിവാസികളുടെ ഭൂമിപ്രശ്നങ്ങൾ, എൻഡോസൾഫാൻ, പക്ഷിപ്പനി, നഴ്സുമാരുടെ ബുദ്ധിമുട്ടുകൾ തുടങ്ങിയവയ്ക്കെല്ലാം പരിഹാരം കണ്ടെത്താൻ കഴിഞ്ഞത് ഈ സർക്കാരിന്റെ ഭരണനേട്ടങ്ങളാണ്. ദേശീയ ഗെയിംസിന്റെ നടത്തിപ്പിനെക്കുറിച്ച് പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങൾ

അടിസ്ഥാനരഹിതമാണ്. നിരപരാധികളെ ബ്ലെയ്ഡ് മാഫിയകളുടെ ചൂഷണത്തിൽനിന്നും സംരക്ഷിക്കാനേർപ്പെടുത്തിയ 'ഓപ്പറേഷൻ കുബേര', ക്യാമ്പസുകളെ ലഹരിവിമുക്തമാക്കുന്നതിനേർപ്പെടുത്തിയ 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' 'ഓപ്പറേഷൻ സുരക്ഷ' , കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ, സ്മാർട്ട്സിറ്റി, വിഴിഞ്ഞം തുറമുഖം, ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം, സ്റ്റാർട്ടപ്പ് വില്ലേജ്, യുവ സംരംഭകരുടെ സംഗമം (YES) തുടങ്ങിയ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിൽ സർക്കാർ സ്വീകരിച്ച സമീപനം അഭിനന്ദനാർഹമാണ്. പാൻമസാല നിരോധനം, ബാറുകളുടെ അടച്ചുപൂട്ടൽ, പുകയിലയുടെ നികുതി വർദ്ധിപ്പിക്കൽ എന്നിവയിലൂടെ ഈ സർക്കാർ ജനകീയ ഭരണമാണ് കാഴ്ച വയ്ക്കുന്നത്.

<u>ശ്രീ. സി. കെ. നാണു</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. പ്ലാച്ചിമടയിലെ കൃഷിക്കാർക്കും രോഗബാധിതർക്കും നഷ്ടപരിഹാരം കൊടുക്കുന്നതിനെടുത്ത തീരുമാനം നടപ്പാക്കുന്നത് സംബന്ധിച്ച് നയപ്രഖ്യാപനത്തിൽ പരാമർശിക്കാതിരുന്നത് ഖേദകരമാണ്. കൃഷിക്കാരിൽനിന്നും ഭക്ഷ്യധാന്യങ്ങൾ

സംഭരിച്ച് മുടങ്ങിക്കിടക്കുന്ന റേഷൻവിതരണം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. സാധാരണക്കാരെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനെക്കുറിച്ച് നയപ്രഖ്യാപനത്തിൽ പരാമർശിച്ചിട്ടില്ല. എൽ.ഐ.സി. യുടെ 49% ഷെയറുകൾ വിറ്റഴിക്കാൻ കേന്ദ്രസർക്കാരെടുത്ത സമീപനത്തെ പിന്തുണയ്ക്കുന്നതിനോട് യോജിക്കാനാവില്ല. കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുതകുംവിധം പ്ലാച്ചിമട, ഭക്ഷ്യവിതരണം തുടങ്ങിയവയിൽ കേന്ദ്രഗവൺമെന്റിനെക്കൊണ്ട് അനുകൂലമായ ഒരു തീരുമാനമെടുപ്പിക്കാൻ സാധിക്കാതെ ഗവൺമെന്റിന് പ്രവർത്തിക്കാൻ കഴിയില്ല.

ശ്രീ. ജി. സുധാകരൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. അർത്ഥശൂന്യമായ വാക്കുകളും വാചകങ്ങളുംകൊണ്ട് നിറച്ച നയപ്രഖ്യാപനമാണ് ഗവർണ്ണർ നടത്തിയിട്ടുള്ളത്. മഹാനായ തിരുവള്ളുവരുടെ തിരുക്കുറളിലെ വരികളെ ഇതിൽ ദുർവ്യാഖ്യാനം ചെയ്തിരിക്കുകയാണ്. പദ്ധതി വിഹിതത്തിന്റെ 41 ശതമാനം മാത്രമാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. സംസ്ഥാനത്ത് 1,62,000 കോടി രൂപയുടെ കമ്മി ഉണ്ടായിരിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക്

അനുവദിച്ച തുകയിൽ നാമമാത്രമായ തുകയാണ് ചെലവഴിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിത്തുകയുടെ 44 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. സംസ്ഥാനത്ത് നികുതി വരുമാനവും നികുതി വളർച്ചയും ഗണ്യമായി കുറഞ്ഞു. മരാമത്ത് കരാറുകാർക്ക് 2800 കോടി രൂപ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. ആയിരം കോടി രൂപയുടെ കടപ്പത്രം ഇറക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി സംസ്ഥാനം തേടിയിരിക്കുകയാണ്. ചെലവഴിച്ച പദ്ധതിത്തുകയുടെ കൃത്യമായ കണക്ക് ലഭ്യമാക്കിയിട്ടില്ല. വനംകൊള്ളക്കാരെ തടയാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്നുമാത്രമല്ല, കുറ്റവാളികളെ രക്ഷിക്കാൻ ഭരണസമൂഹംതന്നെ കൂട്ടുനിൽക്കുന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്. ഓപ്പറേഷൻ കുബേര വിജയകരമാക്കാൻ സാധിച്ചില്ല. പോലീസ് സേനയിലെ ക്രിമിനലുകൾക്കെതിരെ നടപടി സ്വീകരിക്കണം. റോഡ് നിർമ്മാണത്തിൽ കോൺട്രാക്ടർമാരും എഞ്ചിനീയർമാരും തമ്മിലുള്ള അവിശുദ്ധ ബന്ധം അവസാനിപ്പിച്ച് ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കുന്നതിന് നേതൃത്വം നൽകണം.

ശ്രീ. വി. റ്റി. ബൽറാം: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പദ്ധതി പ്രഖ്യാപനങ്ങളുടെ ആധിക്യമില്ലാത്ത നയപ്രഖ്യാപനത്തിൽ വരുംവർഷങ്ങളിലേയ്ക്കുള്ള കൃത്യമായ കാഴ്ചപ്പാട് കാണാൻ സാധിക്കുന്നതാണ്. ജനങ്ങൾക്കൊപ്പം നിൽക്കുന്ന സർക്കാരാണിത്. ഗവൺമെന്റിന്റെ പോരായ്മകൾ ചൂണ്ടിക്കാണിച്ച് ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകാനാണ് പ്രതിപക്ഷം ശ്രമിക്കേണ്ടത്. 35-ാമത് ദേശീയ ഗെയിംസ് നല്ല രീതിയിൽ നടത്താൻ സർക്കാരിന് സാധിച്ചു. ദേശീയ ഗെയിംസിന്റെ ഭാഗമായി 213 കോടി രൂപയുടെ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സംസ്ഥാനത്ത് ഉണ്ടാക്കാനും 9 പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കാനും 16 സ്റ്റേഡിയങ്ങൾ നവീകരിക്കാനും സാധിച്ചു. ഈ സർക്കാരിന്റെ എല്ലാ ബഡ്ജറ്റിലും ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചത് ശ്രദ്ധേയമാണ്. ക്ഷേമപെൻഷനുകൾ അതാത് മാസംതന്നെ നൽകാനുള്ള നടപടിയുണ്ടാകണം. സാമൂഹ്യ സുരക്ഷാ നിക്ഷേപം വിപുലീകരിക്കണം. ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയിൽ നിലനിൽക്കുന്ന അഴിമതിയെ ചെറുത്തു തോൽപ്പിക്കാൻ കഴിയണം. ഇൻഫർമേഷൻ കമ്മീഷന്റെ റിപ്പോർട്ടുകൾ സമയബന്ധിതമായി നിയമസഭയിൽ

സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണം. ഇത്തരം സ്ഥാപനങ്ങളിൽ ജനങ്ങൾക്കുള്ള വിശ്വാസ്യത വർദ്ധിപ്പിക്കാൻ കഴിയണം. കേന്ദ്ര ഇൻഫർമേഷൻ കമ്മീഷണർ തസ്തികയിൽ നിയമനം നടത്താൻ ബി.ജെ.പി. ഗവൺമെന്റ് തയ്യാറാകുന്നില്ല എന്നത് അപലപനീയമാണ്. പുതുതലമുറയ്ക്കിടയിൽ രാഷ്ട്രീയ രംഗത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വിശ്വാസ്യത വീണ്ടെടുക്കാൻ സാധിക്കണം. വേൾഡ് ക്ലാസ്സ് ഇൻഫ്രാസ്ട്രക്ച്ചർ സംസ്ഥാനത്ത് പ്രാവർത്തികമാക്കാനും ഊർജ്ജ സുരക്ഷിതത്വം ഉറപ്പുവരുത്താനും കേരളത്തെ എഡ്യൂക്കേഷൻ ഹബ്ബാക്കി വളർത്തിയെടുക്കാനുമുള്ള പരിപാടികൾ ആവിഷ്കരിക്കണം. സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളും കാര്യക്ഷമമായ ഗവേണൻസ് സംവിധാനവും ഉണ്ടാകണം. നീര ഉല്പാദന പദ്ധതി വിപുലപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. സംസ്ഥാന ഗവൺമെന്റ് ഗോവർദ്ധിനി പദ്ധതിയിലൂടെ പുതിയ കാർഷിക സംസ്കാരം വികസിപ്പിച്ചെടുക്കുന്ന അവസരത്തിൽ ഗോവധ നിരോധന നിയമം

ഇന്ത്യയൊട്ടാകെ വ്യാപിപ്പിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിന് തടയിടാൻ കഴിയണം. പുതുതലമുറയ്ക്ക് പ്രോത്സാഹനവും ദിശാബോധവും നൽകുന്ന നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. സാജു പോൾ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ദേശീയ ഗെയിംസ് സംഘാടനത്തിൽ അഴിമതി നടന്നിട്ടുണ്ടെന്ന് ആരോപണം ഉന്നയിക്കുന്നത് ഭരണപക്ഷത്തുള്ളവർ ആണെന്നുള്ളതാണ് കൗതുകമുണർത്തുന്നത്. നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ചർച്ച നടക്കുമ്പോൾ ഉദ്യോഗസ്ഥ ഗ്യാലറിയിൽ നാമമാത്രമായ ഉദ്യോഗസ്ഥർ മാത്രമാണ് ഉള്ളത് എന്നതും ശ്രദ്ധേയമാണ്. ശ്രേഷ്ഠഭാഷാ പദവി ലഭിച്ച മലയാളത്തെ ഈ നയപ്രഖ്യാപന പ്രസംഗത്തിലൂടെ അപമാനിച്ചിരിക്കുകയാണ്. സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ, തിരുവനന്തപുരം മോണോ റെയിൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കണ്ണൂർ വിമാനത്താവളം, ശബരി പാത, സീ പ്ലെയിൻ തുടങ്ങിയ പദ്ധതികളൊന്നും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. മിഷൻ 676-ന്റെ കീഴിൽ വിഭാവനം ചെയ്ത പദ്ധതികളെല്ലാം അസ്ഥാനത്തായി.

അവശകലാകാരൻമാരുടെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാനും റബ്ബർ കർഷകരെ സംരക്ഷിക്കാനും യാതൊരു നിർദ്ദേശവും ഇല്ല. കരാറുകാർക്കുള്ള കുടിശ്ശിക നൽകാൻ നടപടി സ്വീകരിച്ചിട്ടില്ല. നീര ഉല്പാദനവുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിമാർ തമ്മിൽ തർക്കം നിലനിൽക്കുകയാണ്. ജൈവകൃഷി, കർഷകർക്ക് സ്മാർട്ട് കാർഡ്, നിറവ് തുടങ്ങിയ പദ്ധതികളെല്ലാം പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങിപ്പോയി. സർക്കാരിന്റെ വികലമായ മദ്യനയം അങ്ങേയറ്റം അപഹാസ്യമാണ്.

ശ്രീ. ഷാഫി പറമ്പിൽ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ നാല് വർഷമായി നിയമസഭയെ നയിച്ച പ്രിയപ്പെട്ട സ്പീക്കർ ജി. കാർത്തികേയന്റെ ഓർമ്മകൾക്കുമുമ്പിൽ ഒരിക്കൽക്കൂടി ആദരാഞ്ജലി അർപ്പിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പ്രതിപക്ഷം വച്ചുപുലർത്തിയിരുന്ന ആശങ്കകളും മുൻവിധികളും തിരുത്തിക്കുറിച്ചുകൊണ്ട് ജനക്ഷേമകരവും വികസനോന്മുഖവുമായ പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കിയാണ് ഭരണം നടത്തി മുന്നേറുന്നത്. ഇടതുപക്ഷം നടത്തുന്ന സമരപരമ്പരകൾ പരാജയപ്പെടുന്ന

കാഴ്ചകൾക്കാണ് സമീപകാല കേരളം സാക്ഷ്യം വഹിച്ചിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിനെ വിമർശിക്കുന്ന പ്രതിപക്ഷം എൽ.ഡി.എഫ്. അധികാരത്തിലിരുന്നപ്പോൾ നടത്തിയ ബഡ്ജറ്റ് പ്രഖ്യാപനങ്ങളെല്ലാം പ്രവർത്തന പഥത്തിലെത്തിച്ചിരുന്നോയെന്ന് ആത്മപരിശോധന നടത്താൻ തയ്യാറാകണം. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മെഡിക്കൽ കോളേജുകളുടെ എണ്ണം അഞ്ചിൽ നിന്ന് ഒൻപതാക്കി വർദ്ധിപ്പിച്ചത് ചരിത്രനേട്ടമാണ്. കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഗവൺമെന്റ് ഫീസിലാണ് പഠിക്കുന്നത്. മാരകമായ അസുഖം ബാധിച്ച ആളുകൾക്ക് രണ്ട് ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം കാരുണ്യ ബനവലന്റ് ഫണ്ടിലൂടെ നൽകുകയുണ്ടായി. സുകൃതം പദ്ധതി, കാരുണ്യ കേരളം പദ്ധതി, പുതുതായി തുടങ്ങാൻ പോകുന്ന മെഡിക്കൽ കോളേജുകൾ ഓപ്പറേഷൻ കുബേര, സേഫ് ക്യാമ്പസ് ക്ലീൻ ക്യാമ്പസ് തുടങ്ങിയ ഒട്ടേറെ പദ്ധതികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. സാധാരണക്കാരായ ജനങ്ങൾക്ക് ഒട്ടേറെ ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് ഏറെ മുന്നിലാണ്.

<u>ശ്രീമതി കെ. കെ. ലതിക</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ജനവിരുദ്ധ നയങ്ങളും സമീപനങ്ങളുമായാണ് ഈ സർക്കാർ മുന്നോട്ട് പോകുന്നത്. കഴിഞ്ഞ വർഷത്തെ നയപ്രഖ്യാപനത്തിൽ ചെറിയ മാറ്റം വരുത്തിയാണ് പുതിയ നയപ്രഖ്യാപനം നടത്തിയിരിക്കുന്നത്. ഈ വർഷം ഡിസംബർ മാസത്തോടുകൂടി കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാകുമെന്ന് പ്രഖ്യാപിച്ചെങ്കിലും അത് പ്രാവർത്തികമാക്കാൻ സാധിച്ചില്ല. ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തണം. അഴിമതിയിൽ മുങ്ങിക്കുളിച്ച ഈ ഗവൺമെന്റിന്റെ നയങ്ങളെ ഒരു രൂപത്തിലും അംഗീകരിക്കാൻ സാധിക്കുകയില്ല.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: നാഷണൽ ഗെയിംസ് ഗംഭീരമായെന്ന് സർട്ടിഫൈ ചെയ്യുന്ന ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ വിശ്വാസ്യതയെ സംശയിക്കേണ്ടിയിരിക്കുന്നു. ജനകീയമായ പല പദ്ധതികളും ആസൂത്രണം ചെയ്ത പഞ്ചായത്ത് വകുപ്പ് ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകാൻ തീരുമാനിച്ചത് നല്ല കാര്യംതന്നെയാണ്. പക്ഷേ കേരളത്തിൽ ഭൂമിയില്ലാത്ത മുഴുവൻ ആളുകൾക്കും കൊടുക്കുന്നതിനാവശ്യമായ ഭൂമി കേരളത്തിലില്ലെന്നത് ഒരു

വസ്തുതയാണ്. ഇതിനൊരു പരിഹാരം കാണാൻ ഗവൺമെന്റ് ശ്രമിക്കണം. വന സംരക്ഷണം ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെട്ട രീതിയിലുള്ള നടത്തിപ്പ് ഉറപ്പാക്കുന്നതിനും വേണ്ടി രൂപീകരിച്ച ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. 5000-ലധികം തൊഴിലാളികൾ പണിയെടുത്തിരുന്ന നന്മസ്റ്റോറുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും കൺസ്യൂമർ ഫെഡിൽ നിന്നും പിരിച്ചുവിട്ടവരെ തിരിച്ചെടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ട്രഷറികളിൽ കോർ ബാങ്കിംഗ് സമ്പ്രദായം കൊണ്ടുവരുമ്പോൾ പണലഭ്യത ഉറപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകണം. പി.ഡബ്ല്യൂ.ഡി. വർക്കുകളിൽ നടക്കുന്ന അഴിമതിയെക്കുറിച്ച് അന്വേഷിച്ച് ഫലപ്രദമായി തടയുന്നതിന് നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി. 1000 ബസ്സുകൾ നിരത്തിലിറക്കുമെന്ന് പറഞ്ഞതും 2002-ൽ പ്രഖ്യാപിച്ച കൊറിയർ സർവ്വീസിന്റെയും ഇപ്പോഴത്തെ അവസ്ഥയും എന്തെന്ന് പരിശോധിക്കണം. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികളെ രക്ഷിക്കുന്നതിന് ഈ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കാപെക്സ്

ഫാക്ടറികൾ തിരികെ ലഭിക്കുന്നതിന് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. തിരുവനന്തപുരത്ത് നിലവിലുള്ള മെഡിക്കൽ കോളേജിൽ രോഗികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുപകരം ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജാക്കി ഉയർത്തണമെന്നുപറയുന്നത് തികച്ചും അന്യായമാണ്. കോന്നിയിൽ പുതിയ മെഡിക്കൽ കോളേജ് അനുവദിച്ചു. ഗവണ്മെന്റ് ഖജനാവിൽ പണമില്ലാത്തതിനാൽ ആസ്തിവികസന ഫണ്ട് അനുവദിക്കാത്ത നിലപാട് അവസാനിപ്പിക്കണം.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഈ ഗവൺമെന്റ് നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളും പ്രതിബന്ധങ്ങളും മറികടന്ന് കോൺഗ്രസ് പാർട്ടി ഉയിർത്തെഴുന്നേൽക്കുമെന്നത് ഒരു വ്യാമോഹം മാത്രമാണ്. കേരളത്തിന്റെ വികസനത്തിന് പ്രതീക്ഷ നൽകുന്ന എന്തെങ്കിലും ഒരു പദ്ധതി നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ഏറെ കൊട്ടിഘോഷിച്ച മോണോറെയിൽ പദ്ധതിയുടെ പരാജയത്തെത്തുടർന്ന് ആവിഷ്ക്കരിച്ച ലൈറ്റ് മെട്രോ പദ്ധതിയുടെ അവസ്ഥയും ആശാവഹമല്ല. ദേശീയ ഗെയിംസിന്റെ

ഭാഗമായി കേരളത്തിൽ നടന്നിട്ടുള്ള അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തണം. നേരും നെറിയുമില്ലാത്ത പോലീസ് ഭരണത്തിലൂടെ അഴിമതിക്കാരെയും ക്രിമിനലുകളെയും സംരക്ഷിക്കുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമൂഹത്തിലെ പാവപ്പെട്ടവർക്കായി ഈ ഗവൺമെന്റ് നിരവധി ക്ഷേമ പദ്ധതികൾ നടപ്പിലാക്കി. കാരുണ്യ ബെനവലന്റ് പദ്ധതിയിലൂടെ കേരളത്തിലെ പതിനായിരക്കണക്കിന് രോഗികൾക്ക് ആശ്വാസം നൽകാൻ സാധിച്ചു. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ എറണാകുളത്ത് ഒരു ഇന്റർ നാഷണൽ വിമൺ സ്റ്റേറ്റ് സെന്റർ സ്ഥാപിക്കുമെന്നും വാർദ്ധക്യ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഓരോ ജില്ലയിലെയും ഒരു പഞ്ചായത്തിനെ വയോജനസൗഹൃദമാക്കുമെന്നും ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുമെന്നും നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് അഭിനന്ദനാർഹമാണ്. കാസർഗോഡ് മെഡിക്കൽ കോളേജിനായി നബാർഡിൽ നിന്നും 79 കോടി രൂപ ലഭിക്കുകയും പ്രഭാകർ കമ്മീഷൻ പദ്ധതിയിൽ നിന്ന് ജില്ലയ്ക്ക് അനുവദിച്ച 25 കോടി രൂപ

നീക്കിവച്ചിരിക്കുകയുമാണ്. ഭാരതത്തിലെ ഊർജ്ജവിതരണ കമ്പനികൾക്കിടയിൽ മികച്ച പ്രകടനം കാഴ്ചവച്ചതിനുള്ള 2014-ലെ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡ് ഊർജ്ജ മന്ത്രാലയത്തിൽനിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിച്ചത് അർഹതയുടെ അംഗീകാരമാണ്. കേരളത്തെ ഒരു അന്താരാഷ്ട്ര വിദ്യാഭ്യാസ ഹബ് ആക്കുന്നതിനുവേണ്ടി ദുബായ് അക്കാഡമിക് സിറ്റിയുടെ മാതൃകയിൽ കേരളത്തിൽ ഒരു അക്കാഡമി സിറ്റി സ്ഥാപിക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. സർക്കാർ എയ്ഡഡ് കോളേജുകളില്ലാത്ത 18 നിയോജക മണ്ഡലങ്ങളിൽ 17 പുതിയ സർക്കാർ കോളേജുകളും ഒരു എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജും അനുവദിച്ചിരിക്കുന്നു.

<u>ശ്രീ. കെ. അജിത്</u>: നന്ദി പ്രമേയത്തെ എതിർക്കുന്നു. ഇത് ആവർത്തനവിരസതയുള്ളതും ജനങ്ങൾ നിരസിക്കുന്നതുമായ നയപ്രഖ്യാപനമാണ്. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. പരമ്പരാഗത വ്യവസായ മേഖലയിലുള്ളവർക്ക് പെൻഷൻപോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് നിലനിർത്താനും അതുമായി ബന്ധപ്പെട്ട ആശങ്കകൾക്ക് പരിഹാരം കാണാനും മുഖ്യമന്ത്രി

ഇടപെടണം. ആദിവാസികൾക്ക് വാസസ്ഥലവും കൃഷിയിടവും നൽകണം. കേരളത്തിലെ വൻകിട ഭൂമാഫിയകളുടെ കയ്യിലിരിക്കുന്ന സ്ഥലങ്ങൾ പിടിച്ചെടുത്ത് കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ന്യൂനപക്ഷ വിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും വിധവകൾക്കും നൽകുന്ന ഭവനവായ്പ 5 ലക്ഷം രൂപയായി ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾക്കും ഏകീകരണമുണ്ടാകണം.

ശ്രീ. കെ. ശിവദാസൻ നായർ: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന്റെ വിജയം ഫലസിദ്ധിയുടെ ഉരകല്ലിൽവച്ച് പരിശോധിക്കണമെന്നാണ് ഈ നയപ്രഖ്യാപനത്തെക്കുറിച്ച് എനിക്ക് പറയുവാനുള്ളത്. ഈ സർക്കാർ സീറോ ലാന്റ്ലെസ് പദ്ധതി കൊണ്ടുവന്നതിലൂടെ കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ മുഴുവൻ അപേക്ഷകർക്കും ഭൂമി കൊടുത്തുകഴിഞ്ഞു. അന്യായമായി ഭൂമി കൈവശം വച്ചിരിക്കുന്നവരിൽനിന്ന് അത് പിടിച്ചെടുക്കുന്നതിനുള്ള ധൈര്യം ഈ ഗവൺമെന്റ് കാണിക്കുകയുണ്ടായി. സാധാരണക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റാണിത്. കഴിഞ്ഞ എൽ.ഡി.എഫ്.

ഗവൺമെന്റ് പുതിയതായി 152 ബാറുകൾക്ക് ലൈസൻസ് അനുവദിച്ചപ്പോൾ ഈ ഗവൺമെന്റ് 418 ബാറുകൾ പൂട്ടുകയാണ് ചെയ്തത്. ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നത് തടയുന്നതിന് പ്രതിപക്ഷത്തിന് സാധിക്കില്ല.

<u>ശ്രീ. എസ്. ശർമ്മ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. നയരഹിത നയം എന്ന് വിശേഷിപ്പിക്കാവുന്ന ഒന്നാണ് ഗവർണർ നടത്തിയ നയപ്രഖ്യാപനം. ഇന്ത്യ ഇന്ന് അഭിമുഖീകരിക്കുന്ന രാഷ്ട്രീയ പ്രശ്നങ്ങളെയോ മതനിരപേക്ഷതയെയോ സംബന്ധിച്ച് ഒരു വാക്കുപോലും ഈ നയപ്രഖ്യാപന പ്രസംഗത്തിലില്ല. ഒരു നാണയത്തിന്റെ ഇരുവശങ്ങൾപോലെയാണ് കോൺഗ്രസ്സിന്റെയും ബി.ജെ.പി.യുടെയും സാമ്പത്തിക നയം. കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിലെ പല പ്രഖ്യാപനങ്ങളും ഈ സർക്കാരിന് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. നയപ്രഖ്യാപന പ്രസംഗത്തിന് കടലാസിന്റെ വിലപോലും കല്പിക്കാത്ത സമീപനമാണ് സർക്കാർ തുടർന്നുവരുന്നത്. എറണാകുളത്ത് അന്താരാഷ്ട്ര നിലവാരത്തിൽ ക്യാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനും എൽ.എൻ.ജി. പദ്ധതി നടപ്പാക്കുന്നതിന് അടിയന്തര ഇടപെടൽ

നടത്തുന്നതിനും തകർച്ചയിലേക്ക് നീങ്ങുന്ന പരമ്പരാഗത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന കേന്ദ്രസർക്കാർ നടപടികൾക്കെതിരെ പ്രതികരിക്കുന്നതിനും സർക്കാർ തയ്യാറാകണം. ചന്ദ്രബോസ് കൊലക്കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ സംബന്ധിച്ചും പ്രതി നിസ്സാമിൽ നിന്ന് രണ്ട് എം.എൽ.എ.മാർ വൻതുക കൈപ്പറ്റിയെന്ന ആരോപണം സംബന്ധിച്ചും അന്വേഷണമുണ്ടാകണം.

സഭ വൈകുന്നേരം 7.44-ന് പിരിഞ്ഞു.

*******